## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4324 — 21/03/2018-ൽ മറുപടിക്ക്

### മലിനീകരണ പ്രവർത്തനങ്ങൾ തടയുന്നതിനായി നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ജലം, വായു, മണ്ണ് എന്നിവ മലിനപ്പെട്ടതുകൊണ്ടാണ് പകർച്ചവ്യാധികളുടെ ആധിക്യം കേരളത്തിൽ ഉണ്ടായത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന മണ്ണ്, ജലം, വായു മലിനീകരണ പ്രവർത്തനങ്ങൾ തടയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും മറികടന്ന് മലിനീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് എത്ര കേസുകൾ എടുത്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | വ്യവസായ സ്ഥാപനങ്ങൾക്കെതിരെ സമീപ കാലത്തൊന്നും ഇത്തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതായി വന്നിട്ടില്ല. വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ കാണുന്ന പക്ഷം മലിനീകരണ നിയന്ത്രണ ബോർഡ് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി തുടർന്ന് അവ പാലിക്കുന്നുവെന്നും ഉറപ്പാക്കുന്നു. കേസുകളിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതിന് കാലതാമസം നേരിടുന്നതിനാലും ഇതിനെക്കാൾ ഫലപ്രദമായി ജലനിയമം, വായുനിയമം എന്നിവയിൽ വ്യവസായങ്ങൾ നിയമം ലംഘിച്ചാൽ അടച്ചുപൂട്ടുന്നതിന് വരെ (വായു നിയമത്തിന്റെ സെക്ഷൻ 31 (A), ജലനിയമത്തിന്റെ സെക്ഷൻ 33 (A) പ്രകാരം) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുള്ളതിനാൽ ഈ നിയമവ്യവസ്ഥയാണ് കൂടുതലായും അവലംബിക്കുന്നത്. |

സെക്ഷൻ ഓഫീസർ